## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (A & T) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ – ശ്രീമതി. മായ. കെ യുടെ JPHN Gr. II & I സീനിയോറിറ്റി പട്ടികകളിലെ നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്തും, റാങ്ക് പുനഃക്രമീകരിച്ചും കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്

സൂചന : 1. ഒ. എ(EKM) 1071/2016 നമ്പർ കേസിന്മേൽ ബഹു. കെ. എ. റ്റിയുടെ 06.03.2017 തീയതിയിലെ ഉത്തരവ്

2. ഉത്തരവ് നമ്പർ. ES5-23686/2017/DHS, Dated: 25.07.2017

3. OA (EKM) 53/18 നമ്പർ കേസിന്മേൽ ബഹു. കെ. എ. റ്റിയുടെ 11.02.2019 -)൦ തീയതിയിലെ ഉത്തരവ്

4. 01.10.2019 ൽ നടത്തിയ ഹിയറിംഗിന്റെ മിനിറ്റ്സ്

**ഉത്തരവ് നം. ഇ.എസ്5/23686/17/ആ.വ.ഡ/തീയതി : 18/10/2019**

എറണാകുളം ജില്ലയിൽ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ JPHN ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. മായ. കെ, ടിയാരിക്ക് നിലവിലുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ റാങ്ക് നമ്പർ 1734 ന് അനുസരിച്ച് JPHN Gr. I സ്ഥാനക്കയറ്റവും, മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഒ. എ (EKM) 1071/2016 നമ്പറായി ഫയൽ ചെയ്ത കേസിൻമേൽ 06.03.2017 ൽ ബഹു. കെ. എ. റ്റി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം 25.04.2017 ൽ അഡീഷണൽ ഡയറക്ടർ (A & T) ടിയാരിയെ നേരിട്ടുകേൾക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ 30.10.2006 മുതൽ മാത്രമേ ടിയാൾക്ക് JPHN Gr. II തസ്തികയിൽ സീനിയോറിറ്റിക്ക് അർഹതയുള്ളൂവെന്ന് ഉത്തരവ് നമ്പർ ഇ. എസ്5-23686/2017/ഡി. എച്ച്. എസ്, തീയതി. 25.07.2017 പ്രകാരം ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വീണ്ടും ഇതേ ആവശ്യങ്ങളുന്നയിച്ച് ഒ. എ (EKM) 53/2018 നമ്പറായി ഫയൽ ചെയ്ത കേസിൻമേൽ ബഹു. കെ. എ റ്റിയുടെ 11.02.2019 ലെ വിധിന്യായത്തിലെ നിർദ്ദേശം ഇപ്രകാരമായിരുന്നു. "We permit the applicant to file an appropriate representation before the second respondent raising her claim in regard to the same along with a certified copy of this order within one month and the second respondent will pass appropriate orders thereon, after hearing the applicant within a further period of two months thereafter, All the conditions are left open. Original application is disposed of accordingly".

ശ്രീമതി. മായ. കെ PSC അഡ്വൈസ് നമ്പർ P II R (2) 1224/94/KPSC, PLKD, Dated: 22.07.2000 പ്രകാരം പാലക്കാട് ജില്ലയിൽ 11.08.2000 ന് JPHN Gr. II തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും അവിടെ നിന്ന് അന്തർജില്ലാ സ്ഥലംമാറ്റം മുഖേന 30.10.2006 ൽ എറണാകുളം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ ടിയാളുടെ അന്തർജില്ലാ സ്ഥലംമാറ്റം പരിഗണിക്കാതെ ജോലിയിൽ പ്രവേശിച്ച PSC അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിൽ ടിയാളെ ഉത്തരവ് നമ്പർ. FW(Spl.Cell) No. 61647/07/DHS, Dated: 10.08.2009 പ്രകാരമുള്ള 21.01.1994 മുതൽ 31.12.2006 വരെയുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1734 ആയി ഉൾപ്പെടുത്തുകയും, ഇതിന്റെയടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ FWA6/7777/2012/DHS, Dated: 17.12.2013 പ്രകാരം പുറപ്പെടുവിച്ച JPHN Gr. I തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ പട്ടികയിൽ ടിയാൾ ഉൾപ്പെടുകയുണ്ടായി. ഈ സ്ഥലംമാറ്റ ഉത്തരവിൽ അന്തർജില്ലാ സ്ഥലംമാറ്റം നേടിയതുകൊണ്ട് ടിയാളുടെ റാങ്ക് പുനഃക്രമീകരിക്കണമെന്ന് പരാമർശിച്ചിരുന്നെങ്കിലും, സ്ഥാനം പുനഃക്രമീകരിക്കാതെ, ടി സ്ഥാനക്കയറ്റ ഉത്തരവിൻ പ്രകാരം മുമ്പേ JPHN Gr. II സീനിയോറിറ്റി പട്ടികയിൽ ടിയാൾക്ക് ചട്ടപ്രകാരമല്ലാതെ നൽകിയ റാങ്ക് നമ്പർ 1734 ന് ആനുപാതികമായി ടിയാളെ 06.12.2018 ൽ പുറപ്പെടുവിച്ച ഉത്തരവ് നമ്പർ. ES5-32284/17/DHS പ്രകാരമുള്ള 06.05.2000 മുതൽ 31.07.2017 വരെയുള്ള JPHN Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ, റാങ്ക് നമ്പർ 1485 -)൦ സ്ഥാനം നൽകുകയായിരുന്നു.

GOVERNMENT OF KERALA 2017-18

ശ്രീമതി. മായ. കെ, OA(EKM) 53/2018 നമ്പറായി ഫയൽ ചെയ്ത കേസിന്മേൽ 11.02.2019 ലെ ബഹു. കെ. എ. റ്റിയുടെ വിധിന്യായം അനുസരിച്ച് ടിയാളെ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A & T) 01.10.2019 ന് നേരിട്ട് കേട്ടതിന്റെയും ടി അവസരത്തിൽ ടിയാൾ സമർപ്പിച്ച സേവനകാര്യവുമായി ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ JPHN Gr. II & Gr. I സീനിയോറിറ്റി പട്ടികകളിൽ ടിയാളെ ഉൾപ്പെടുത്തിയത് ചട്ടപ്രകാരമല്ലെന്നും, ടിയാൾ അന്തർജില്ലാ സ്ഥലംമാറ്റം നേടിയ 30.10.2006 മുതൽ മാത്രമേ ടിയാൾക്ക് JPHN Gr. II തസ്തികയിൽ സീനിയോറിറ്റിക്ക് അർഹതയുള്ളൂവെന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ, ടിയാളുടെ അപേക്ഷ നിരസിക്കുകയും, നിലവിൽ JPHN Gr. II സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മായ. കെയ്ക്ക് നൽകിയിരുന്ന റാങ്ക് നമ്പർ 1734-ഉം ഇതിനാനുപാതികമായി JPHN Gr. I സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 1485-ഉം റദ്ദ് ചെയ്യുകയും ഉത്തരവ് നമ്പർ.FW(Spl. Cell) 61647/07/DHS, Dated: 10.08.2009 പ്രകാരമുള്ള 21.01.1994 മുതൽ 31.12.2006 വരെയുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ സ്ഥാനം പുനർനിർണ്ണയിച്ച് റാങ്ക് നമ്പർ 3534 (A) സ്ഥാനം നൽകി, സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Name | Date of Birth | Qualification | Date of Joining | Date of assigning seniority | PSC Advice Date & Order | Present seniority No. in seniority list of JPHN | | New rank no. in JPHN Gr. II seniority list | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | Gr. II | Gr. I | | |
| MAYA. K | 14.03.1969 | SSLC/ ANM | 11.08.2000 | 30.10.2006 | P II R (2)1224/94, Dated: 22.07.2000 PSC,PKD | 1734 | 1485 | 3534(A) | 1. 30.10.2006 ൽ IDT നേടിയതിനാൽ റാങ്ക് പുനർനിർണ്ണയിക്കുന്നു. 2. ഉത്തരവ് നമ്പർ. ES5-3686/2017/DHS, Dated: 25.07.2017 |

ഒ. എ(EKM) നമ്പർ. 53/2018 കേസിലെ 11.02.2019 ലെ ബഹു. കെ. എ. റ്റിയുടെ വിധി ഇതിനാൽ നടപ്പിലാക്കിക്കൊള്ളുന്നു.

ഒപ്പ്/-

ഡോ. സെമീറ. എ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(A & T)

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
(ആരോഗ്യ വകുപ്പ് വെബ് സൈറ്റ്മുഖേന)

പകർപ്പ്

1. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, എറണാകുളം
2. ശ്രീമതി. മായ. കെ, JPHN,
താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, (ഉചിതമാർഗ്ഗേന)
3. സൂപ്രണ്ട്, FWA സെക്ഷൻ (ടി ഉത്തരവ് പ്രകാരം ശ്രീമതി. മായ. കെ യുടെ JPHN Gr. II & Gr. I തസ്തികയിലുള്ള പ്രമോഷനും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് നടപടികൾ കൈക്കൊള്ളാവുന്നതാണ്)
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

GOVERNMENT OF KERALA 2017-18

505644